നം.കെഎസ്എ-കെടിഎം.പി.12-1813/2018 തീയതി : 12.10.2018

# കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.05.2017 മുതൽ 31.08.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 27.09.2018-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.09.2018 മുതൽ 27.09.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി അനിതകുമാരി കെ.എ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഷാന്റി ജോർജ്ജ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി എം | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഷാജിമോൻ പി.ബി | സീനി.ഗ്രേഡ് ഓഡിറ്റർ |

## (ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സുമംഗലാദേവി എം.പി | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി) | ശ്രീ മാത്യു ആനിത്തോട്ടം | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി) | ശ്രീമതി.സുശീലാ എബ്രഹാം,പുതുപ്പള്ളിൽ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി) | ശ്രീ മാത്യൂസ് പെരുമനങ്ങാട് | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിങ് കമ്മിറ്റി) | ശ്രീമതി ലൗലി ടോമി | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ ബിജി ജോസഫ് | 01.04.2017 മുതൽ 04.12.17 FN വരെ |
| | | |

| | | |
|---|---|---|
| | ശ്രീ ജോസഫ് പി.റ്റി | 04.12.17 AN മുതൽ 31.03.2018 വരെ |

**(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. വേണുഗോപാൽ പി.ആർ | 01.04.17 മുതൽ 30.10.17 വരെ |
| | ശ്രീ. അജ്മൽ എം | 31.10.17 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.സ്മിത കൈമൾ | 01.04.17 മുതൽ 13.06.17 വരെ |
| | ഡോ.അഭിജിത്ത് തമ്പാൻ | 14.06.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ – പി.എച്ച്.സി. | ഡോ.ജസ്സി എം കട്ടപ്പുറം | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | ഡോ. ബിന്ദു തെരേസ | 01.04.17 മുതൽ 28.04.17 വരെ |
| | ഡോ. സഫിയ എം | 29.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | ഡോ. അനിൽകുമാർ എൻ ആർ | 01.04.17 മുതൽ 31.03.18 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ ആകർഷ് ജി കൃഷ്ണൻ | 01.04.17 മുതൽ 24.07.17 വരെ |
| | ശ്രീമതി അമലാ മാത്യു | 25.04.17 മുതൽ 31.03.18 വരെ |
| | ശ്രീ സന്തോഷ് കുമാർ കെ ദേവ് | 27.07.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ജാസ്മിൻ കെ | 01.04.17 മുതൽ 30.11.17 വരെ |
| | ശ്രീമതി സബിന്നിസ ജെ | 01.12.17 മുതൽ 31.03.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജമിനി ജോൺ | 01.04.17 മുതൽ 04.07.17 വരെ |
| | ശ്രീമതി ജൂലി ജോസ് | 05.07.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് എൻജിനീയർ (LSGD) | ശ്രീ.മഹേഷ് പി മോഹൻ | 01.04.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ സിബി ജോസ് കെ | 01.04.17 മുതൽ 31.03.18 വരെ |

**(ഡി) ഉള്ളടക്കം**


| ഖണ്ഡിക-നം. | വിഷയം |
|---|---|
| **ഭാഗം 1 -- പൊതു അവലോകനം** | |
| 1-1 | ബജറ്റ് – വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി – അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |

| | |
|---|---|
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| **ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | തനത് വരുമാനം പിരിവ്--പ്രശംസനീയമായ പുരോഗതി |
| 2-2 | കൃഷി ഓ ഫീസിലേയ്ക്ക് നൽകിയ രസീത് ബുക്ക് കത്തി നശിച്ചത് സംബന്ധിച്ച് |
| 2-3 | ഗ്ലെന്റോക്ക് റബർ പ്രോഡക്ട്സ് (പ്രൈ.ലി.) എന്ന സ്ഥാപനത്തിന്റെ വസ്തുനികുതി നിർണ്ണയം--അപാകതകൾ |
| 2-4 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-5 | ഡി & ഒ ട്രേഡ് ലൈസൻസ് |
| **ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | ശബരിമല തീർത്ഥാടനം സ്പെഷ്യൽ ഗ്രാന്റ്-പ്രത്യേക അക്കൗണ്ട് സൂക്ഷിക്കുന്നില്ല |
| 3-2 | പ്രോജക്ട് നം.86/18,--അന്ധർക്ക് കമ്പ്യൂട്ടർ വാങ്ങൽ--പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ |
| 3-3 | തെരുവ് വിളക്ക് വാങ്ങലും സ്ഥാപിക്കലും--അപാകതകൾ സംബന്ധിച്ച് |
| 3-4 | കെട്ടിട നിർമ്മാണ പ്രോജക്ടുകൾ--നിർമ്മിതികേന്ദ്രം തുക തിരികെ നൽകിയത് സംബന്ധിച്ച് |
| 3-5 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം--മതിയായ പ്രാധാന്യം നൽകുന്നില്ല |
| 3-6 | ഷീ-പാഡ് പദ്ധതി--പൂർത്തീകരിച്ചിട്ടില്ല |
| 3-7 | ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രോജക്ടുകൾ--മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല |
| 3-8 | വി.ഇ.ഒ. എലിക്കുളം നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ വാല്യുവേഷൻ തയ്യാറാക്കാതെ ധനസഹായം അനുവദിച്ചു. |
| 3-9 | ഹരിത കർമ്മസേന മുഖേന പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണം--സംസ്ക്കരണത്തിനായി നടപടികൾ സ്വീകരിക്കണം |
| **ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപം |
| 4-6 | ഓഡിറ്റ് റിക്കവറി |

| | |
|---|---|
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |

# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബജറ്റ് വിശകലനം

2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 21.03.2017 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 20.02.2018 ലെ 3(1)-ാം നം. തീരുമാനപ്രകാരവും അംഗീകരിച്ചു.ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 14899405.15 | 18630848 | 3731442.85 | |
| വരവ് | 98498000 | 50211294 | | 48286706 |
| ആകെ | 113397405.15 | 68842142 | | 44555263.15 |
| ചെലവ് | 98859500 | 55222777 | | 43636723 |
| നീക്കിയിരിപ്പ് | 14537905.15 | 13619365 | | 918540.15 |

ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 28.04.2018-ലെ 5(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ് (Audit Information Management System) സോഫ്റ്റ്വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 28.05.2018 ലെ എ.3.03/17 നം. കത്ത് പ്രകാരം 08.06.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 20.06.2018, 21.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 28.06.2018-ലെ കെ.എസ്.എ.-കെ.ടി.എം.പി13-1197/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 18630848 |
| വരവ് | 50211294 |

| | |
|---|---|
| ആകെ | 68842142 |
| ചെലവ് | 55222777 |
| നീക്കിയിരിപ്പ് | 13619365 |

## 1-5 ഫണ്ട് വിനിയോഗം വിശകലനം

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 12882000 | 12882000 | 11265041 | 1616959 | 87.44 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 2962190 | 2962190 | 2711129 | 251061 | 91.52 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 93961 | 93961 | 90889 | 3072 | 96.73 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 6266000 | 6266000 | 6237858 | 28142 | 99.55 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 2868000 | 2868000 | 1574325 | 1293675 | 54.89 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10966988 | 10966988 | 5115622 | 5851366 | 46.64 |
| പെർഫോമൻസ് ഗ്രാന്റ് (സെൻട്രൽ) | 0 | 1286866 | 1286866 | 1176358 | 110508 | 91.41 |
| പെർഫോമൻസ് ഗ്രാന്റ് (സ്റ്റേറ്റ്) | 0 | 21375 | 21375 | 0 | 21375 | 0 |
| തൊഴിലുറപ്പ് പദ്ധതി(MNREGS) | 447 | 9525057 | 9525504 | 9524145 | 1359 | 99.98 |
| ബി ഫണ്ട് | 0 | 32573280 | 32573280 | 32573280 | 0 | 100 |
| ക്യാഷ് | 27770 | 67756 | 95526 | 27770 | 67756 | 99 |
| തനത് ഫണ്ട് | 9847732 | 10858007 | 20705739 | 8087004 | 12618735 | 39 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ നിന്ന് ലഭ്യമായ അലോട്ട്മെന്റും ACR പ്രകാരമുള്ള ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-6 വാർഷിക പദ്ധതി അവലോകനം

എലിക്കുളം ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 ലെ വാർഷികപദ്ധതിയ്ക്ക് ജില്ലാആസൂത്രണസമിതിയുടെ 27.3.18 ലെ 490/17/DPC/DPO/KTM നം. ഉത്തരവു പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. വാർഷികപദ്ധതിയ്ക്ക് വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ആകെ വകയിരുത്തൽ 61420890 രൂപയും ചെലവ് 32331853രൂപയുമാണ്. അംഗീകാരം ലഭിച്ച 186 പ്രോജക്കുകളിൽ 110 എണ്ണം നടപ്പാക്കി. അടങ്കലിന്റെ 52.6%മാത്രമാണ് ചെലവഴിച്ചത്. ലഭ്യമായ വികസനഫണ്ട് 1,59,38,151/- രൂപയിൽ 1,40,67,059/- രൂപ (88 %) ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശക്തമായ മേൽനോട്ടവും ഇടപെടലുകളും ഉണ്ടാകാതിരുന്നതാണ് ചെലവുശതമാനം കുറയാൻ കാരണം. പദ്ധതിയുടെ വിഭവസ്രോതസ്സുകൾ, അടങ്കൽ, വകയിരുത്തൽ, നിർവ്വഹണം എന്നിവ സംബന്ധിച്ച് കൃത്യമായ ധാരണയോടു കൂടിയാവണം സ്റ്റാന്റിംഗ് കമ്മിറ്റികൾ ശുപാർശകൾ സമർപ്പിക്കേണ്ടത്. വാർഷികപദ്ധതിയ്ക്ക് 68 ലക്ഷത്തോളം രൂപ തനതുഫണ്ട് വകയിരുത്തിയിരുന്നെങ്കിലും 17 ലക്ഷത്തോളം രൂപ മാത്രമാണ് ചെലവഴിച്ചത്. അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായ 113 പ്രോജക്കുകളിൽ 63 എണ്ണം മാത്രമാണ് നടപ്പാക്കിയത്. 1994 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ട അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ മാറ്റിവെച്ച ശേഷം മിച്ചമുള്ള തുകയാണ് തനതുഫണ്ട് സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. ധനകാര്യസ്റ്റാന്റിംഗ്

കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. 15 അങ്കണവാടികളുടെ മെയിന്റനൻസിന് തുക വകയിരുത്തിയിരുന്നെങ്കിലും 4 അങ്കണവാടികളുടെ മെയിന്റനൻസ് മാത്രമാണ് നടപ്പാക്കിയത്. വികസനകാര്യ/ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു.

**വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തനരഹിതം**

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ സജീവമായിരുന്നില്ലെന്ന് ഇവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. വിദ്യാഭ്യാസം, കല, സംസ്ക്കാരം എന്നീ വിഷയവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടില്ല. 28.2.17 തീയതിയിൽ ചേർന്ന കുടിവെള്ളം ശുചിത്വം വർക്കിംഗ് ഗ്രൂപ്പിന്റെ യോഗത്തിൽ 3 പേർ മാത്രം ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട്. മൃഗസംരക്ഷണം ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പിന്റെ യോഗത്തിൽ 4 പേരാണ് ഒപ്പിട്ടിരിക്കുന്നത്. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളുടെയും അവസ്ഥ സമാനമാണ്. ഒരു വർക്കിംഗ് ഗ്രൂപ്പും പ്രോജക്ട് നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ഓരോ വിഷയമേഖലയുടെയും അവസ്ഥ വിശകലനം ചെയ്ത് ആവശ്യകതാനിർണ്ണയം നടത്തി പ്രായോഗികവും കാര്യക്ഷമതയുള്ളതുമായ പ്രോജക്ടുകൾ നിർദ്ദേശിക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. ഇപ്രകാരം പദ്ധതിരൂപീകരണത്തിൽ നിർണ്ണായക പങ്കു വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ കർത്തവ്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയത് ഗുരുതരമായ കൃത്യവിലോപമാണ്. ഇത് പദ്ധതി രൂപീകരണത്തെയും നിർവ്വഹണത്തെയും ദോഷകരമായി ബാധിച്ച വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-7 തൊഴിലുറപ്പ് പദ്ധതി - അവലോകനം

2017-18 സാമ്പത്തികവർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലും കൂടിയിട്ടുണ്ട്. തൻവർഷം ആകെ 123 പദ്ധതികൾ വിഭാവനം ചെയ്തതിൽ 90 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിയ്ക്കുകയും 60 പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ആകെ 30275 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും 515 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിയ്ക്കുകയും ചെയ്തു. പ്രകൃതി വിഭവ സംരക്ഷത്തിന് മുൻഗണന നൽകിക്കൊണ്ട് മഴക്കുഴി നിർമ്മാണവും തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കൽ, റോഡ് കോൺക്രീറ്റിംഗ്, തോട് ആഴം കൂട്ടൽ, എെ.എ.വൈ.ഭവനനിർമ്മാണം എന്നീ പദ്ധതികളാണ് തൻവർഷം നടപ്പിലാക്കിയത്. പദ്ധതി പ്രകാരമുള്ള ആകെ വരവ് ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 447 |
| വരവ് | 9524436 |
| പലിശ വരവ് | 621 |
| ആകെ | 9525504 |
| ചെലവ് | 9524145 |
| നീക്കിയിരിപ്പ് | 1359 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14280 | 25 |
| കർഷകതൊഴിലാളി പെൻഷൻ | 1963800 | 175 |
| വിധവാപെൻഷൻ | 6770300 | 597 |
| വാർദ്ധക്യകാലപെൻഷൻ | 20752500 | 1841 |
| വികലാംഗപെൻഷൻ | 2704300 | 256 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 310600 | 36 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 30000 | 1 |

## 1-9 ക്യാഷ് പരിശോധന

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.09.2018 തീയതിയിൽ 3 PM-ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 89,691/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണ്. വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്വങ്ങളും കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവുകൾ പ്രകാരം കൃത്യമായി വിഭജിച്ചു നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽരജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ശബരിമല സ്പെഷ്യൽ ഗ്രാന്റിൽ നിന്നുള്ള ചെലവുകൾ നിരീക്ഷിക്കുന്നതിന് പ്രത്യേകരജിസ്റ്റർ സൂക്ഷിക്കുന്നില്ല. ചെലവു സംബന്ധമായ വൗച്ചറുകൾ ക്രമനമ്പറിട്ട് അനുബന്ധരേഖകൾ സഹിതം സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വൗച്ചറുകൾ പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം/ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.04.2018 | 02/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.04.2016 | 2012-13 മുതൽ 2015-16 വരെ | LBA(HQ)II/8A-2459/112 05.07.2016 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

**ധനകാര്യ പത്രികയിൽ നിലനിൽക്കുന്ന പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.**

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2018-ലെ ജനറൽ ഫണ്ട് കൃത്യമല്ല.
3. വസ്തുനികുതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല .
4. ഓഡിറ്റ് റിക്കവറിയിനത്തിൽ 32,710/- രൂപ തൻവർഷം വരവുണ്ട്. എന്നാൽ ആയത് വാർഷിക കണക്കുകളിൽ പ്രതിഫലിയ്ക്കുന്നില്ല.
5. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തി I-16 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2017-18 വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 തനതുവരുമാനം പിരിവ് :-പ്രശംസനീയമായ പുരോഗതി

വസ്തു നികുതി, തൊഴിൽ നികുതി, ഡി &ഒ ട്രേഡ് ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ നികുതി പിരിവ് 2017-18 സാമ്പത്തിക വർഷം കാര്യക്ഷമമായി നടപ്പാക്കിയിട്ടുണ്ട്. 01.04.2017ൽ വാസഗൃഹങ്ങളുടെ വസ്തുനികുതി കുടിശ്ശിക 1104566 രൂപയും, തൻവർഷ ഡിമാന്റ് 2045313 രൂപയും ആയിരുന്നു. കുടിശ്ശികയിൽ 1059951 രൂപയും, തൻവർഷ ഡിമാന്റിൽ 1962606 രൂപയും പിരിച്ചെടുത്തിരുന്നു. അവശേഷിക്കുന്നത് കുടിശിക തുകയിൽ 44615 രൂപയും. തൻവർഷത്തെ 82655 രൂപയും മാത്രമാണ്. വാസഗൃഹങ്ങളല്ലാത്ത മറ്റ് കെട്ടിടങ്ങളുടെ 01.04.2017 ലെ കുടിശ്ശിക 1829874 രൂപയും, തൻവർഷ ഡിമാന്റ് 1317795 രൂപയും ആയിരുന്നു. ഇതിൽ കുടിശ്ശിക 1688727 രൂപയും, തൻവർഷത്തെ 1145763 രൂപയും ഉൾപ്പടെ 2834490 രൂപയും പിരിച്ചെടുത്തു. അവശേഷിക്കുന്നത് 313179 രൂപ മാത്രമാണ്. ഇതിൽ 134190 രൂപ ബി.എസ്.എൻ.എൽ.ടവറുകളുടെ വസ്തു നികുതി കുടിശ്ശികയാണ്. 2016-17 വർഷത്തെ അപേക്ഷിച്ച് 80 സ്ഥാപനങ്ങളെ കൂടുതലായി ലൈസൻസ് പരിധിയൽ കൊണ്ടുവന്നു. പരമാവധി സ്ഥാപനങ്ങളിൽ നിന്നും ട്രേഡേഴ്സ് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. തനതുവരുമാനം പിരിച്ചെടുക്കുന്നതിൽ ഭരണസമിതിയും, ജീവനക്കാരും ഒത്തൊരുമയോടെ കാര്യക്ഷമമായി പ്രവർത്തിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 2-2 കൃഷി ഓഫിസിലേക്ക് നൽകിയ രസീത് ബുക്ക് കത്തി നശിച്ചത് സംബന്ധിച്ച്.

2017-18 സാമ്പത്തിക വർഷം ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനായി കൃഷി ഓഫീസർക്ക് നൽകിയതിൽ 31355 നമ്പർ രസീത് ബുക്ക് 19.01.18 തീയതിയിൽ കൃഷി ഓഫീസിലെ പാഴ്‌വസ്തുക്കൾ കത്തിച്ചപ്പോൾ കത്തി നശിച്ചതായി കൃഷി ഓഫീസർ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചു. ഇത് സംബന്ധിച്ച് പൊൻകുന്നം പോലീസ് സ്റ്റേഷനിൽ IAPS31735/18നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 19.01.18 തീയതിയിൽ ഓഫീസിൽ ജോലിയിൽ ഉണ്ടായിരുന്ന സീനിയർ അഗ്രി. അസി. റെജിമോൻ.എം, അസി. അഗ്രി. അസിസ്റ്റന്റ് അശോകൻ.കെ.കെ. എന്നിവരുടെ ഭാഗത്തുനിന്നും കുറ്റകരമായ അനാസ്ഥ ഉണ്ടായതായി കൃഷി ഓഫീസറുടെ റിപ്പോർട്ട് വ്യക്തമാകുന്നു. ഇത് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടന്നുവരുന്നു. അതിന്റെ ഭാഗമായി ശ്രീ.റെജിമോൻ. എംനെ മേൽ ഓഫീസിൽ നിന്നും സ്ഥലംമാറ്റിയിട്ടുണ്ട്. വകുപ്പുതല അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് വിവരം ലഭ്യമാക്കേണ്ടതും , രസീത് ബുക്ക് ദുരുപയോഗം ചെയ്തിട്ടില്ല എന്ന് ഉറപ്പാക്കേണ്ടതും, ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-3 ഗ്ലെൻ റോക്ക് റബ്ബർ പ്രോഡക്ട്സ് (പ്രൈ.) ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ വസ്തു നികുതി നിർണ്ണയം അപാകതകൾ

ശ്രീ.ജോസഫ് എം. കള്ളിവയലിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള ഗ്ലെൻ റോക്ക് റബ്ബേഴ്സ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നത്, എലിക്കുളം ഗ്രാമ പഞ്ചായത്ത് രണ്ടാം വാർഡിൽ 554 മുതൽ 566വരെയും 566 എ മുതൽ 566എം വരെയും നമ്പരുകളുള്ള കെട്ടിടങ്ങളിലാണ് (ആകെ 14399ച.മീറ്റർ). ഇവ മൈക്രോ സ്മോൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്ട് 2006ലെ ചട്ടം 7 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിൽ ച. മീറ്ററിന് 20 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ച് ഈടാക്കിവരുന്നത് . 05.06.2007 ലെ 320101200409 നമ്പരായുള്ള ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത സർട്ടിഫിക്കറ്റിൽ കണക്ടഡ് പവർ ലോഡ് 1800Hp എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2006 ലെ മൈക്രോ സ്മോൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്ട് ചാപ്റ്റർ 3 ചട്ടം 7 പ്രകാരം സംരംഭങ്ങളുടെ തരം തിരിക്കൽ താഴെ പറയും പ്രകാരമാണ്.

എ) മൈക്രോ എന്റർ പ്രൈസസ്:- പ്ളാന്റ് ആന്റ് മെഷീനറിക്കുവേണ്ടിയുള്ള നിക്ഷേപം ഇരുപത്തഞ്ചു ലക്ഷത്തിൽ അധികരിക്കാത്തവ

ബി) സ്മോൾ എന്റർ പ്രൈസസ്:- പ്ളാന്റ് ആന്റ് മെഷീനറിക്കുവേണ്ടിയുള്ള നിക്ഷേപം ഇരുപത്തഞ്ചു ലക്ഷത്തിൽ കൂടുതൽ എന്നാൽ 5 കോടിയിൽ അധികരിക്കാത്തവ

സി) മീഡിയം എന്റർ പ്രൈസസ്:- പ്ളാന്റ് ആന്റ് മെഷീനറിക്കുവേണ്ടിയുള്ള നിക്ഷേപം 5കോടിയിൽ കൂടുതൽ എന്നാൽ 10 കോടിയിൽ അധികരിക്കാത്തവ

2017-18 ൽ സ്ഥാപനത്തിന്റെ വിവിധ രേഖകൾ പ്രകാരം സ്ഥാപനത്തിൽ 4928 hp മോട്ടോർ ഉപയോഗിക്കുന്നുണ്ട്. 2006 ൽ ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുമ്പോൾ സ്ഥാപനത്തിന്റെ കണക്ടഡ് ലോഡ് 1800 hp മാത്രമായിരുന്നു. 2018 ആയപ്പോൾ 3128 hp യുടെ വർദ്ധനവ് ഉണ്ടായി എന്ന് സ്ഥാപനം തന്നെ വ്യക്തമാക്കുന്നു. മാത്രമല്ല സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 22.10.2012 ലെ സർട്ടിഫിക്കറ്റ് പ്രകാരം സ്ഥാപനത്തിന്റെ മൂലധന ആസ്തി 15.66 കോടിയാണ്. 2006 ലെ മൈക്രോ സ്മോൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്ട് പ്രകാരം 10 കോടി രൂപയ്ക്ക് മുകളിൽ മൂലധന നിക്ഷേപം ഉള്ള സ്ഥാപനം ടി ആക്ടിന്റെ പരിധിയിൽ വരികയില്ല. 2007ൽ വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്യപ്പെട്ടതിന് ശേഷം സ്ഥാപനത്തിൽ നടത്തിയ വിപുലീകരണം വിലയിരുത്തിയല്ല കെട്ടിട നിർമ്മാണങ്ങൾ റെഗുലറൈസ് ചെയ്തത്. കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ പ്രസ്തുത ആക്ട് അനുസരിച്ച് സ്ഥാപനം ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ നേടിയിട്ടുണ്ടോ എന്ന വിവരം ഗ്രാമ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല. സ.ഉ.(അ) 36/2015/ തസ്വഭവ. 24.02.2015 പ്രകാരം മൈക്രോ സ്മോൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി മേൽ പ്രസ്താവിച്ച കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 20 രൂപ നിരക്കിലാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. മേൽ പ്രസ്താവിച്ച സ്ഥാപനം നിലവിൽ ടി ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ലാ എങ്കിൽ ച.മീറ്ററിന് ഇതര വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 50 രൂപ നിരക്കിൽ നികുതി നിർണ്ണയിക്കാവുന്നതാണ്. ഇപ്രകാരം 14399ച.മീറ്റർ കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിച്ചാൽ വസ്തു നികുതി ഇനത്തിൽ വലിയ വർദ്ധനവ് ലഭിക്കുന്നതാണ്. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.3 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും ഓരോ കെട്ടിടത്തിലും ഉപയോഗിക്കുന്ന മെഷീനറികളുടെ വിവരങ്ങൾ ശേഖരിക്കുകയും പ്ലാന്റ് & മെഷീനറിക്കായി നിക്ഷേപിച്ച തുക കണ്ടെത്തി മേൽ പ്രസ്താവിച്ച സ്ഥാപനം 2006 ലെ മൈക്രോ സ്മോൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുമോ എന്ന് പരിശോധിക്കേണ്ടതാണ്. ഇക്കാര്യത്തിലേയ്ക്ക് പഞ്ചായത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സേവനം ഉപയോഗിക്കാവുന്നതാണ്. മാത്രമല്ല സ്ഥാപനം ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ നേടിയിട്ടുണ്ടോ

എന്ന വിവരം ഉടമയിൽ നിന്നും ആവശ്യപ്പെടേണ്ടതാണ്. ഇക്കാര്യങ്ങളിലേയ്ക്ക് ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 2-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2017-18 സാമ്പത്തിക വർഷം, ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചതും തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ജ്യോതി പബ്ലിക് സ്ക്കൂൾ പൈക എന്ന സ്ഥാപനം സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 2-5 ഡി& ഒ ട്രേഡ് ലൈസൻസ്

2017-18 സാമ്പത്തിക വർഷത്തെ ഡി&ഒ ട്രേഡ് ലൈസൻസ് സംബന്ധിച്ച രജിസ്റ്ററും ഫയലും പരിശോധിച്ചതിൽ തൻവർഷം 270 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ 76650 രൂപ തൻവർഷം വരവ് വന്നിട്ടുണ്ട്. 2016-17 സാമ്പത്തികവർഷം 190 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിരുന്നത്. തൻവർഷം 80സ്ഥാപനങ്ങളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വരുന്നു എങ്കിലും പൂർത്തിയാക്കിയിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31.10.2017 ൽ സർക്കാർ ജി.ഒ.(പി) 80/ 2017 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. 1.11.17-മുതൽ ലൈസൻസ് നൽകിയത് ജി.ഒ.(പി) 80/ 2017 അടിസ്ഥാനത്തിൽ ആകണമായിരുന്നു എങ്കിലും 1.11.17- ന് ശേഷവും പഴയ ചട്ടപ്രകാരമാണ് ഫീസ് ഈടാക്കിയിട്ടുള്ളത്. 2018-19 വർഷത്തേക്ക് 31.03,18ന് മുൻപ് അഡ്വാൻസ് കളക്ഷൻ നടത്തിയിട്ടുള്ളത് പരിഷ്കരിച്ച ചട്ടപ്രകാരമാണ്.

എ) **മോട്ടോർ ഉപയോഗിക്കുന്നതിനുള്ളഫീസ് കുറവായി ഈടാക്കിയത്**

ഗ്ലെൻ റോക്ക് റബ്ബർ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 2017-18 വർഷം ഡി& ഒ ട്രേഡ് ലൈസൻസിനായി സമർപ്പിച്ച അപേക്ഷ പ്രകാരം സ്ഥാപനം 3328hp മോട്ടോർ ഉപയോഗിക്കുന്നു എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഇതനുസരിച്ച് 33280 രൂപ 1160250059 നമ്പർ രസീത് പ്രകാരം ഈടാക്കിയിട്ടുണ്ട്. എന്നാൽ 30.01.2016 ൽ 11602100965 നമ്പർ രസീത് പ്രകാരം 33280രൂപഒടുക്കി 3328 hp മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്. മുൻപ് (2015-16ൽ) ഉപയോഗിച്ചിരുന്ന 1600 hp മോട്ടോർ ഉൾപ്പടെ 4928 (3328+1600) hp മോട്ടോർ ഉപയോഗിക്കുന്നതിനുള്ള ഫീസ് 49280 രൂപ 11602100966/ 30.01.2016 ൽ ഒടുക്കിയാണ് 2016-17 വർഷം ലൈസൻസ് നേടിയത്. ഇത് പ്രകാരം 2017-18 ൽ 4928 (3328+ 1600) hp മോട്ടോർ ഉപയോഗിക്കുന്നതിനുള്ള ഫീസ് 49280 രൂപ ഈടാക്കേണ്ടിയിരുന്നു. ഇപ്രകാരം 16000രൂപയുടെ കുറവ് വന്നിട്ടുണ്ട്. 2018-19 വർഷത്തേക്ക് അഡ്വാൻസ് കളക്ഷൻ നടത്തിയിട്ടുള്ളതും 3328 hp യുടേത് മാത്രമാണ്. ഇതുപ്രകാരവും 16000രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. ആകെ 32,000/- രൂപ സ്ഥാപന ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനം 4 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ ഉപയോഗിക്കുന്ന മോട്ടോറിൻറെ വിവരങ്ങൾ ഉടമയിൽ നിന്നും ശേഖരിച്ച് സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹായത്തോടെ സ്ഥാപനത്തിൽ പരിശോധന നടത്തി വ്യക്തത ഉറപ്പാക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി ഇക്കാര്യങ്ങളിൽ ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിൻറെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ശബരിമല തീർത്ഥാടനം സ്പെഷ്യൽ ഗ്രാൻറ് - പ്രത്യേക അക്കൗണ്ട് സൂക്ഷിക്കുന്നില്ല

ശബരിമല തീർത്ഥാടനത്തിന് അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 2014-15, 2015-16, 2016-17, 2017-18 വർഷങ്ങളിൽ 5 ലക്ഷം രൂപ വീതം ആകെ ലഭിച്ച 20 ലക്ഷം രൂപ നിലവിൽ പഞ്ചായത്തിൻറെ തനതുഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി സർക്കാരിൽ നിന്ന് ലഭിക്കുന്ന ഫണ്ടുകൾ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. ചെലവു നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 2017-18 വർഷം ചെലവു പത്രിക പ്രകാരം ഇളങ്ങുളം മുത്താരമ്മൻ കോവിലിൽ കുഴൽക്കിണർ നിർമ്മാണം - 85000 രൂപ, ഇളങ്കുളം ശ്രീധർമ്മശാസ്താക്ഷേത്രത്തിൽ ശുചിമുറി നിർമ്മാണം-399947 രൂപ എന്നീ 2 പ്രോജക്ടുകൾ രൂപീകരിച്ച് 484947രൂപ ചെലവഴിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക വിനിയോഗിക്കപ്പെടാതെ പഞ്ചായത്തിൻറെ തനതുഫണ്ട് അക്കൗണ്ടിൽ ശേഷിക്കുന്നു. ഇത് തീർത്ഥാടകർക്ക് പ്രയോജനപ്പെടും വിധം വിനിയോഗിക്കേണ്ടതും ചെലവുകൾ രേഖാമൂലം നിരീക്ഷിക്കേണ്ടതുമാണ്.

### 3-2 പ്രോജക്ട് നമ്പർ 86/18--അന്ധർക്ക് കമ്പ്യൂട്ടർ വാങ്ങൽ - പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ

പ്രോജക്ട് വിശകലനം

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 86/18 അന്ധർക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| | |

| | |
|---|---|
| വകയിരുത്തൽ | 90900 വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് | 90900 |
| ബിൽ നമ്പർ, തീയതി | 7/17-18 , 17.03.18 |
| നിർവ്വഹണോദ്യോഗസ്ഥ | എെ.സി.ഡി.എസ്, സൂപ്പർവൈസർ |

പ്രോജക്ട് നമ്പർ 86/18 അന്ധർക്ക് കമ്പ്യൂട്ടർ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 90900രൂപ ചെലവഴിച്ച് രണ്ട് ഗുണഭോക്താക്കൾക്ക് കെൽട്രോണിൽ നിന്നും ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്.

അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ആകെ 8 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരുന്നത്. ഇതിൽ ഒന്നാമതുള്ള രാജീവ് കെ ദാസ് എന്നയാൾക്കും, ആറാം സ്ഥാനത്തുള്ള ആൻമേരി ജോസഫ് എന്ന ഗുണഭോക്താവിനേയുമാണ് തെരഞ്ഞെടുത്തത്.

ആവശ്യമായ പഠനങ്ങൾ നടത്താതെയും, ഗുണഭോക്താക്കളുടെ ആവശ്യകതക്കനുസരിച്ചുമല്ല പ്രോജക്ട് നടപ്പാക്കിയത്. തൻമൂലം വാങ്ങിയതിൽ ഒരു കമ്പ്യൂട്ടർ ഗുണഭോക്താവ് കൈപ്പറ്റിയില്ല. ഗുണഭോക്തൃലിസ്റ്റിൽ ഒന്നാമതുള്ള രാജീവ് കെ ദാസ് എന്നയാൾക്ക് ലാപ്ടോപ്പായിരുന്നു ആവശ്യമുള്ളത്. സബ്സിഡി മാർഗരേഖ ജി.ഒ.(എം.എസ്)80/17 ത.സ്വ.ഭ.വ. 3-.04.17 പ്രകാരം പത്താം ക്ലാസ്സ് പാസ്സായ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ ടോക്കിംഗ് സൗകര്യത്തോടുകൂടിയ ലാപ്ടോപ്പായിരുന്നു നൽകേണ്ടിയിരുന്നത്. ആയതിനാൽ ടിയാൾ കമ്പ്യൂട്ടർ കൈപ്പറ്റാൻ സാധിക്കില്ലാ എന്ന് അറിയിച്ചു. തൻമൂലം കമ്പ്യൂട്ടർ ഉപയോഗശൂന്യമായി 30-ാം നമ്പർ അംഗനവാടിയിൽ സൂക്ഷിച്ചിരിക്കുന്നു.

23.01.2018ൽ നിർവ്വഹണ ഉദ്യോഗസ്ഥ കെൽട്രോണുമായി ഒപ്പിട്ടകരാർ പ്രകാരം സാധനങ്ങൾ നല്ല പ്രവർത്തന ക്ഷമതയോടുകൂടെ സ്ഥലത്തെത്തിച്ച് സ്ഥാപിച്ച് നൽകേണ്ടത് കെൽട്രോണിന്റെ ചുമതലയാണ്. എന്നാൽ കരാറിന് വിരുദ്ധമായി കെൽട്രോൺ കമ്പ്യൂട്ടറുകളും മറ്റ് സാധനങ്ങളും പാഴ്സൽ സർവ്വീസ് മുഖേന അയയ്ക്കുകയാണ് ചെയ്തത്. നിർവ്വഹണ ഉദ്യോഗസ്ഥ സാധനങ്ങൾ കൈപ്പറ്റാതെ കരാർ പ്രകാരം സാധനങ്ങൾ സ്ഥലത്തെത്തിച്ച് സ്ഥാപിച്ച് നൽകുവാൻ കെൽട്രോണിനോട് ആവശ്യപ്പെടേണ്ടതിനു പകരം സാധനങ്ങൾ ഏറ്റുവാങ്ങുകയും ഒരു കമ്പ്യൂട്ടറും മറ്റ് ഉപകരണങ്ങളും ആൻമേരി ജോസഫ് എന്ന ഗുണഭോക്താവിന് നൽകുകയും ചെയ്തു. ലഭ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാതെയാണ് വിതരണം ചെയ്തത്. പായ്ക്കറ്റ് തുറന്നപ്പോൾതന്നെ സ്ക്കാനർ പൊട്ടിയ അവസ്ഥയിലായിരുന്നു. ഈവിവരം ഗുണഭോക്താവ് നിർവ്വഹണ ഉദ്യോഗസ്ഥയെ അറിയിച്ചിട്ടും ഓഡിറ്റ് എൻക്വയറി ( നം-2/17/18/ 25.09.18) നൽകുന്നതുവരെ നിർവ്വഹണ ഉദ്യോഗസ്ഥ വിവരം കെൽട്രോണിനെ അറിയിക്കുകയോ, ഒരു വർഷ വാറണ്ടിയുള്ള സ്ക്കാനർ മാറ്റിക്കിട്ടുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തില്ല. കരാറിനു വിരുദ്ധമായി കമ്പ്യൂട്ടർ പാഴ്സൽ സർവ്വീസിലൂടെ അയച്ചതിനാലാണ് ഇപ്രകാരം സംഭവിച്ചത്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന കമ്പ്യൂട്ടർ പായ്ക്കറ്റ് തുറക്കാതെ സൂക്ഷിച്ചിട്ടുള്ളതിനാൽ കേടുപാടുകൾ ഉണ്ടോ എന്ന് വ്യക്തമല്ല. കരാർ ലംഘനം നടത്തി കമ്പ്യൂട്ടർ പാഴ്സൽ സർവ്വീസിലൂടെ അയച്ച സാധനങ്ങൾ കൈപ്പറ്റിയ നിർവ്വഹണ ഉദ്യോഗസ്ഥയുടെ നടപടി അംഗീകരിക്കാവുന്നതല്ല.

കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ് കോട്ടയം ജില്ലാ യൂണിറ്റ് സെക്രട്ടറി 17.11.2017ൽ അയച്ച കത്ത് പ്രകാരം ആൻമേരി ജോസഫിന് കമ്പ്യൂട്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് അറിയിച്ചാൽ കമ്പ്യൂട്ടറിൽ ആവശ്യമായ ടോക്കിംഗ് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്ത് നൽകാം എന്ന് അറിയിച്ചിരുന്നു. 22.9.2018ൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ടോക്കിംഗ് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്ത് നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ലായെന്ന് വ്യക്തമായി. ഇത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായും, സമൂഹത്തിൽ ഏറ്റവും പരിഗണന ലഭിക്കേണ്ട വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കായി ആവിഷ്ക്കരിച്ച പ്രോജക്ട് നടപ്പാക്കിയപ്പോൾ നിർവഹണ ഉദ്യോഗസ്ഥ ആവശ്യമായ അവധാനത പുലർത്തിയിട്ടില്ല എന്നും ഓഡിറ്റ് വിലയിരുത്തുന്നു. ഓഡിറ്റ് എൻക്വയറി നം 2/17-18ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു എന്ന് എെ.സി.ഡി.എസ്.സൂപ്പർവൈസർ മറുപടി നൽകി. ചുരുക്കത്തിൽ വികസന ഫണ്ടിൽ നിന്നും 90900രൂപ ചെലവഴിച്ച് നടപ്പാക്കിയ പ്രോജക്ട് ലക്ഷ്യം കൈവരിക്കാതെ പാഴ്ചെലവായി അവശേഷിക്കുന്നു. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 90900 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 തെരുവുവിളക്ക് വാങ്ങലും സ്ഥാപിക്കലും - അപാകതകൾ സംബന്ധിച്ച്

പ്രോജക്ട് നം.46/17

പ്രോജക്ട് നം.3/18(സ്പിൽ ഓവർ)

അടങ്കൽ - 240000

ചെലവ് - 215712(ബിൽ നം.17/27.11.17)

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

2016–17 വർഷം ആരംഭിച്ച് സ്പിൽഓവറായി നടപ്പാക്കിയ പ്രോജക്ടിൽ ബൾബുകൾ വാങ്ങുന്നതിന് 200/- രൂപ നിരക്കിലും 80 രൂപ നിരക്കിലും കണക്കാക്കി 730 ബൾബുകൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. കരാറുകാരൻ ശ്രീ.വിനോദ് ടി.കെ, തടത്തിൽ, പനച്ചിക്കാട് എന്ന വ്യക്തി മുഖേനയാണ് പ്രോജക്ട് നടപ്പാക്കിയത്. പഞ്ചായത്തിലെ 9ാം വാർഡു ഒഴികെ മറ്റെല്ലാവാർഡുകളിലും തുല്യമായി 45 ബൾബുകൾ വീതം സ്ഥാപിച്ചതായാണ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ഓരോ വാർഡിലും കേടായ ബൾബുകളുടെ എണ്ണം തിട്ടപ്പെടുത്തി കൃത്യമായ രീതിയിൽ ആവശ്യകതാനിർണ്ണയം നടത്താതെ പ്രോജക്ടിൽ വകയിരുത്തിയ തുകയും യൂണിറ്റ് കോസ്റ്റും അടിസ്ഥാനമാക്കി വാർഡ് അടിസ്ഥാനത്തിൽ തുല്യമായി വിഭജിക്കുകയാണ് ചെയ്തത്. ഇത് സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥന്റെയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 കെട്ടിടനിർമ്മാണ പ്രോജക്ടുകൾ - നിർമ്മിതികേന്ദ്രം തുക തിരികെ നൽകിയതു സംബന്ധിച്ച്

എലിക്കുളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20.3.17 ലെ 1(6)-ാം നം. തീരുമാനപ്രകാരം പഞ്ചായത്തിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണച്ചുമതല കോട്ടയം ജില്ലാനിർമ്മിതി കേന്ദ്രത്തിന് നൽകുകയുണ്ടായി. (2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9 കാണുക) എന്നാൽ 22.6.17ലെ 1(9)-ാം നം.തീരുമാനപ്രകാരം ജില്ലാ നിർമ്മിതികേന്ദ്രത്തിന് നിർമ്മാണച്ചുമതല നൽകിയ നടപടി റദ്ദു ചെയ്യുന്നതിനും മുൻകൂർ നൽകിയ 6 ലക്ഷം രൂപ തിരികെ വാങ്ങുന്നതിനും കമ്മിറ്റി തീരുമാനമെടുത്തു. ഈ സാഹചര്യത്തിൽ IHDP കോളനിയിലെ പകൽവീടിന്റെ നിർമ്മാണവും ഏറ്റെടുക്കാൻ സാധ്യമല്ലെന്ന് നിർമ്മിതികേന്ദ്രം അറിയിക്കുകയും രണ്ടു പ്രോജക്ടുകൾക്കും കൂടി മുൻകൂർ നൽകിയിരുന്ന ആകെ തുക 740000/- രൂപ (600000+140000) യിൽ നിന്ന് പ്രാരംഭച്ചെലവുകൾക്ക് ചെലവായ 10000 രൂപ കുറവു ചെയ്ത് ബാക്കി 730000 രൂപ അസി. എഞ്ചിനിയറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ തുക പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടതാണ്. വ്യക്തമായകാഴ്ചപ്പാടോടും ദീർഘവീക്ഷണത്തോടും കൂടി തീരുമാനമെടുക്കുന്നതിൽ ഭരണസമിതിയ്ക്കുണ്ടായ വീഴ്ച മൂലം 10000 രൂപ നഷ്ടമുണ്ടായ സാഹചര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം--മതിയായ പ്രാധാന്യം നൽകുന്നില്ല

(എ) 2017-18 വാർഷിക പദ്ധതിയിൽ അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾക്കും അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി 18 പ്രോജക്ടുകൾ രൂപീകരിച്ചിരുന്നെങ്കിലും ഭൂരിഭാഗവും നടപ്പാക്കിയിട്ടില്ല. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത അങ്കണവാടികൾ പൊളിച്ചു നീക്കി പുതിയത് നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ ആവശ്യമായവയ്ക്ക് അതു ചെയ്യുന്നതിനും വിവിധ തീയതികളിൽ ജനറൽ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. എങ്കിലും അങ്കണവാടികളുടെ ആവശ്യങ്ങൾക്ക് മതിയായ പരിഗണന ലഭിച്ചിട്ടില്ല. ഇക്കാര്യത്തിലേയ്ക്ക് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

(ബി) <u>**അങ്കണവാടി നിർമ്മാണം - സംയുക്തപ്രോജക്ടിനു തുക നിക്ഷേപിച്ചെങ്കിലും നടപ്പാക്കിയിട്ടില്ല**</u>

പ്രോജക്ട് നം.205/18

മനോലി അങ്കണവാടി കെട്ടിടനിർമ്മാണം

അടങ്കൽ

കേന്ദ്രാവിഷ്കൃത ഫണ്ട്- 7ലക്ഷം (NREGS-5ലക്ഷം, ICDS-2 ലക്ഷം)

ജില്ലാപഞ്ചായത്ത് വിഹിതം- 2 ലക്ഷം

ബ്ലോക്ക്പഞ്ചായത്ത് വിഹിതം- 240000

ഗ്രാമപ്പഞ്ചായത്ത് വിഹിതം- 3 ലക്ഷം

ആകെ -1440000
നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി, ഗ്രാമപഞ്ചായത്ത്

മേല്പറഞ്ഞതു പ്രകാരം, സംയുക്ത പ്രോജക്ടിനു വേണ്ടി ഗ്രാമപ്പഞ്ചായത്ത് വിഹിതമായ 3 ലക്ഷം രൂപ ബിൽ നം.18/22.11.17 പ്രകാരം പിൻവലിച്ച് NREGS മിഷൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ തുറന്നിട്ടുള്ള പ്രത്യേക അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെ നിർമ്മാണം ആരംഭിച്ചിട്ടില്ല. വിനിയോഗ/പൂർത്തീകരണവിവരങ്ങളുടെ അഭാവത്തിൽ ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയ 3,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അങ്കണവാടി നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേയ്ക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

### 3-6 ഷീ - പാഡ് പദ്ധതി - പൂർത്തീകരിച്ചിട്ടില്ല

കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ സ്കൂൾ വിദ്യാർത്ഥിനികൾക്കായി നടപ്പാക്കി വരുന്ന ഷീ പാഡ് പദ്ധതിയ്ക്ക് 2016-17 വർഷം വികസന ഫണ്ടിൽ നിന്ന് 50000രൂപ മുൻകൂർ നൽകിയിരുന്നു. പനമറ്റം ഗവ.ഹയർസെക്കണ്ടറി സ്കൂളിലും ഇളങ്ങുളം സെന്റ് മേരീസ് ഹൈസ്ക്കൂളിലും ഇൻസിനേറ്റർ സ്ഥാപിക്കുന്നതിനാണ് തുക നൽകിയത്. എന്നാൽ പനമറ്റം സ്ക്കൂളിൽ സ്ഥാപിച്ചിട്ടുള്ള ഇൻസിനേറ്റർ പ്രവർത്തനക്ഷമമല്ലാത്തതിനാൽ കോർപ്പറേഷൻ ആവശ്യപ്പെട്ട ബാക്കി തുക 33700 രൂപ പഞ്ചായത്ത് നൽകിയിട്ടില്ല. വനിതാവികസന കോർപ്പറേഷനുമായി ബന്ധപ്പെട്ട് ഇൻസിനേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതും പദ്ധതി പൂർത്തീകരിക്കേണ്ടതുമാണ്.

### 3-7 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രോജക്ടുകൾ - മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല

അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രോജക്ടുകളിൽ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1.ഗുണഭോക്തൃസമിതിയുടെ മിനിറ്റ്സ് ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

2.കൺവീനറുടെയും ചെയർമാന്റെയും സംയുക്തബാങ്ക് അക്കൗണ്ട് മുഖേന പണമിടപാടുകൾ നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും കൺവീനറുടെ പേരിൽ മാത്രമാണ് ബാങ്ക് അക്കൗണ്ട് തുടങ്ങിയത്.

3.പ്രവൃത്തികളുടെ വരവു ചെലവു കണക്കുകൾ ഗുണഭോക്തൃസമിതി പാസാക്കിയിട്ടില്ല.

4.മസ്റ്റർ റോൾ ഓവർസിയർ/അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേല്പറഞ്ഞ കാര്യങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥന്റെയും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.

### 3-8 വി.ഇ.ഓ എലിക്കുളം നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകൾ - വാല്യുവേഷൻ തയ്യാറാക്കാതെ ധനസഹായം അനുവദിച്ചു.

വി.ഇ.ഒ. എലിക്കുളം നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകൾ - വാല്യുവേഷൻ തയ്യാറാക്കാതെ ധനസഹായം അനുവദിച്ചു.

1. **പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം**

പ്രോജക്ട് നം -94/18

ചെലവ് - 80,000 വികസനഫണ്ട് (റ്റി.എസ്.പി)

- 6000 (തനത് ഫണ്ട്)

(ട്രഷറി ബിൽ നം - 2/18/12.02.18 ,10/18/28.03.18 , TSB cheque no – 227835/28.3.18)

ആകെ - 86000 രൂപ

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താവാണ് ബാബു ബി, വടകരവടക്കേമുറിയിൽ പനമറ്റം ടിയാൾക്ക് 2017-18 വർഷം 86,000/- രൂപ ധനസഹായം നൽകി (2018-19 ൽ അനുവദിച്ച 14000 രൂപ ഉൾപ്പെടെ ആകെ ഒരു ലക്ഷം രൂപ അനുവദിച്ചു). അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിക്കേണ്ടതെങ്കിലും, മൂല്യനിർണ്ണയത്തിന്റെ വിശദാംശങ്ങളൊന്നും ഫയലിൽ ചേർത്തിട്ടില്ല. മൂല്യനിർണ്ണയത്തിന്റെ അഭാവത്തിൽ മേൽ പ്രോജക്ടിനായി 2017-18 വർഷം ചെലവഴിച്ച 86000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**2.ഭവന പുനരുദ്ധാരണം (പട്ടികജാതി വിഭാഗം)**

പ്രോജക്ട് നം -92/18

ചെലവ് - 475000 (വികസനഫണ്ട് )

- 600000 (ജില്ലാ പഞ്ചായത്ത് വിഹിതം)

ആകെ-1075000
(ട്രഷറി ബിൽ നം - 1/18/22.1.18 , 8/18/28.3.18 ,12/18/28.3.18)

1. ആകെയുള്ള 9 ഗുണഭോക്താക്കളിൽ സുമതികുട്ടിയമ്മ കല്ലങ്കിയിൽ എന്നയാൾ 75,000 രൂപയേ കൈപ്പറ്റിയിട്ടുള്ളൂ. ടിയാൾ വീട് പണി പൂർത്തീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

2. അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയം 9 ഗുണഭോക്താക്കളുടെ ഫയലിലും ചേർത്തിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

മുല്യ നിർണ്ണയ വിവരങ്ങളുടെ അഭാവത്തിൽ ഇരു പ്രേജക്ടുകൾക്കുമായി ചെലവഴിച്ച 1161000 (86000+1075000) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-9 ഹരിത കർമ്മസേന മുഖേന പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണം -സംസ്കരണത്തിനായി നടപടികൾ സ്വീകരിക്കണം

2017-18 വർഷം എലിക്കുളം ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണത്തിനായി ഹരിതകർമ്മ സേന രൂപീകരിക്കുകയും, പ്രാരംഭപ്രവർത്തനങ്ങൾക്കായി 22,242 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ വീടുകളിൽ നിന്നും ശേഖരിച്ച് പ്രത്യേക കേന്ദ്രത്തിൽ വർഗ്ഗീകരിച്ച് സൂക്ഷിച്ചുവരുന്നു. (വാർഡ് 1 പഴയ അങ്കണവാടി കെട്ടിടത്തിൽ) എന്നാൽ പാമ്പാടി ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് മാലിന്യ സംസ്കരണം ആരംഭിച്ചിട്ടില്ല. സർക്കാർ ഉത്തരവിനനുസൃതമായി മാലിന്യ സംസ്കരണത്തിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

ഗ്രാമപഞ്ചായത്തിന് 11,88,250/- രൂപയാണ് 2017-18 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (പ്രോജക്ട് നം.) | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 18.01.2018 | 188250 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 25500 | 162750 |
| | 12.01.2018 | 100000 | പാലിയേറ്റീവ് കെയർ | 100000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 13.12.2017 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 291300 | 8700 |
| | 13.12.2017 | 600000 | ഭവന പുനരുദ്ധാരണം (എസ്.സി) | 600000 | ഇല്ല |

### 4 -2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷത്തിൽ (2017-18) താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നം. | മുൻകൂർ നൽകിയ തുക | വൗച്ചർ നം. തീയതി | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജലവകുപ്പ് കോട്ടയം | ശബരിമല ഫണ്ട് ഉപയോഗിച്ച് കുഴൽക്കിണർ നിർമ്മാണം | 85000 | 26-03-2018 | - | 85000 |
| ആർ.ഐ.റ്റി. പാമ്പാടി | സോയിൽ ടെസ്റ്റിംഗ് ചാർജ്ജ് | 80000 | 19-03-18 | - | 80000 |

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | ബാങ്ക്/ ലോൺ അക്കൗണ്ട് നം. | 01.04.2017-ൽ തിരിച്ചടയ്ക്കാനുള്ള തുക | 2017-18 തിരിച്ചടച്ച തുക (മുതൽ) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ. (ആർ.ടി.) നം.1031/2010/ തസ്വഭവ 13.04.2010 | 10500000 | ജില്ലാ സർവ്വീസ് സഹകരണ ബാങ്ക് , പൊൻകുന്നം ശാഖ | 3050000 | 1725211 | 1324789 |

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രസീത് നം / തീയതി |
|---|---|---|---|---|
| 2005/06 | 2-2-3 | 1000 | ലീല.പി.എസ്. കോട്ടയം കോ. ഓപ്പറേറ്റീവ് അർബൻ ബാങ്ക് | 117020102292/ 18.9.17 |
| 2005/06 | 2-2-3 | 750 | അൽഫോൻസ.സി.ജെ. കോട്ടയം കോ. ഓപ്പറേറ്റീവ് അർബൻ ബാങ്ക് | 117020102293/ 18.9.17 |
| 2005/06 | 2-2-3 | 600 | അനിത ജോസഫ് കോട്ടയം കോ. ഓപ്പറേറ്റീവ് അർബൻ ബാങ്ക് | 117020102294/ 18.9.17 |
| 2005/06 | 2-2-3 | 300 | ബിജു തോമസ്സ് കോട്ടയം കോ. ഓപ്പറേറ്റീവ് അർബൻ ബാങ്ക് | 117020102295/ 18.9.17 |
| 2002-03 | LfkP/3/401/11/ 3.8.11 ഭാഗം-2 | 300 | ടെസ്സി ജോർജ്. സെന്റ്. ജോർജ് യു.പി. എസ്. ഉരുളികുന്നം | 117020102309/ 19.9.17 |
| 2002-03 | LfkP/401/11/ 3.8.11 ഭാഗം-2 | 360 | ടെസ്സി ജോർജ്. സെന്റ്. ജോർജ് യു.പി.എസ്. ഉരുളികുന്നം | 117020102309/ 19.9.17 |
| 2015-16 | 2-7 | 1440 | സാലമ്മ സണ്ണി, നീണ്ടൂർ മാർക്കറ്റിംഗ് അസോസ്സിയേറ്റ്സ് | 117020102357/ 29.9.17 |
| 2015-16 | 2-7 | 1440 | സാലമ്മ സണ്ണി, നീണ്ടൂർ മാർക്കറ്റിംഗ് അസോസ്സിയേറ്റ്സ് | 117020102357/ 29.9.17 |
| 2012-13 | -2-2 | 2500 | ഷോപ്പ് മാനേജർ സപ്ലൈകോ മാവേലിസ്റ്റോർ, കൂരാലി | 117020103195/ 20.11.17 |
| | | | | |

| | | | | |
|---|---|---|---|---|
| 2016-17 | 2-4-2 | 480 | സെക്രട്ടറി,<br>പൈക ക്ഷീരോത്പാദക സഹകരണ സംഘം | 117020104927/ 2.2.18 |
| 2016-17 | 2-4-2 | 360 | സെക്രട്ടറി, ഇളങ്ങുളം നോർത്ത് ക്ഷീരോത്പാദക സഹകരണ സംഘം | 117020106064/ 7.3.18 |
| 2016-17 | 2-4-1 | 1250 | ഷോപ്പ് മാനേജർ സപ്ലൈകോ മാവേലിസ്റ്റോർ, കൂരാലി | 117020106166/ 12.3.18 |
| 2015-16 | 2-4-1 | 2500 | ഷോപ്പ് മാനേജർ സപ്ലൈകോ മാവേലിസ്റ്റോർ, കൂരാലി | 117020106166/ 12.3.18 |
| 2015-16,16-17 | 2-4-1 | 1250 | ഷോപ്പ് മാനേജർ സപ്ലൈകോ മാവേലിസ്റ്റോർ, കൂരാലി | 117020106209/ 15.3.18 |
| 2015-16 | 2-7-1 | 18180 | മാനേജർ, ഹൈറേഞ്ച് ഫുഡ് പരോഡക്ട്സ്. | 117020106486/ 26.3.18 |
| ആകെ | | 32710 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**<u>എ) സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 68842142 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55222777 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15,51,900 |

**<u>(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-</u>** ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>** –

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 90900 | ശ്രീമതി സബിന്നിസ ജെ, എെ.സി.ഡി.എസ്. സൂപ്പർവൈസർ, എലിക്കുളം ഗ്രാമപഞ്ചായത്ത് |
| | | |

| | | |
|---|---|---|
| 3-8 | 1161000 | ശ്രീ.സന്തോഷ് കുമാർ കെ.ദേവ്, വി.ഇ.ഒ, എലിക്കുളം |
| 3-5 (ബി) | 300000 | ശ്രീ.ബിജി ജോസഫ്, സെക്രട്ടറി എലിക്കുളം ഗ്രാമപഞ്ചായത്ത് |
| ആകെ | 1551900 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

2-3, 2-4

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01, 2001-02 ജനകീയാസൂത്രണം | കെ.എസ്.എ.കെ.ടി.എം പി13/ അദ018/197(1)/2.2.18 | 3 |
| 2005-06 | കെ.എസ്.എ.കെ.ടി.എം പി13/ അദ018/197(1)/2.2.18 | 11 |
| 2006-07 | കെ.എസ്.എ.കെ.ടി.എം പി13/ അദ018/197(4)/27.2.18 | 4 |
| 99-00ചെലവ് | എൽ.എഫ്.കെ.പി.6/55/03/16.6.03/10.10.03 | 27 |
| 2009-10 | കെ.എസ്.എ.കെ.ടി.എം പി13/ അദ018/197(5)/27.2.18 | 4 |
| 2010-11 ,11-12 | കെ.എസ്.എ.കെ.ടി.എം പി13/ അദ018/197(6)/27.2.18 | 4 |
| 2012-13 | കെ.എസ്.എ.കെ.ടി.എം പി13/891/18/25.6.18 | 5 |
| 2013-14&2014-15 | കെ.എസ്.എ-കെ.ടി.എം.പി.13-890/2018/30.05.18 | 8 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.13/889/2018/22.05.18 | 6 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.13/888/2018/24.5.18 | 12 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

<u>അനുബന്ധം-1</u>
<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

**നം.കെ.എസ്.എ.കെ.ടി.എം.പി.13-1813/2018** **തീയതി-12.10.2018**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ** 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ** 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**